ജനപ്രതിനിധി സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികൾക്ക് ചട്ടപ്രകാരംതന്നെ ലഭ്യമായിട്ടുള്ള പ്രത്യേക അധികാരങ്ങൾ യഥാവിധി വിനിയോഗിക്കപ്പെടാതെ പോകുന്നതുമൂലമുള്ള ഒരു അവസ്ഥയെക്കുറിച്ചാണ് നാം വീണ്ടും വീണ്ടും പരാതിപ്പെട്ടുകൊണ്ടിരിക്കുന്നതെന്നാണ് ഇക്കാര്യത്തെ സംബന്ധിച്ചുള്ള ചെയറിന്റെ നിരീക്ഷണം.

കെട്ടിക്കിടക്കുന്ന ഗവൺമെന്റ് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കേണ്ട ആവശ്യകത സംബന്ധിച്ച് സംസാരിച്ച വേളയിൽ "ഓരോ ഫയലും ഓരോ ജീവിതമാണ്" എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശമാണ് ചെയറിനും ആവർത്തിക്കാനുള്ളത്. പക്ഷേ, ഒരു വ്യത്യാസം മാത്രം. നിയമസഭാ സമിതികളുടെ മുമ്പാകെയുള്ള ഓരോ ഫയലും ഒന്നല്ല, ഒട്ടനവധി ജീവിതങ്ങളെ സംബന്ധിക്കുന്നവയാണ്. അവയ്ക്ക് അതർഹിക്കുന്ന പരിഗണന കിട്ടിയേ മതിയാകൂ.

തികച്ചും സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് യാഥാർത്ഥ്യ ബോധത്തോടും പ്രായോഗിക സമീപനത്തോടുംകൂടി കാര്യങ്ങളെ സമീപിക്കുവാൻ എല്ലാ സമിതി അദ്ധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറാകുന്ന പക്ഷം ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധിയായ 30 മാസം പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അതിനായി സഭാ സമിതികൾ നടത്തുന്ന പരിശ്രമങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതാണെന്നുകൂടി അറിയിക്കട്ടെ.

(2) കോവിഡ് വാക്സിന് വകയിരുത്തിയ അധിക തുകയുടെ വിനിയോഗം

മി. സ്പീക്കർ: കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ വാക്സിൻ വിലകൊടുത്ത് വാങ്ങുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ അധികമായി വകയിരുത്തിയ 1500 കോടി രൂപയുടെ പുനർവിനിയോഗം സംബന്ധിച്ച വിശദാംശം സഭയെ അറിയിക്കാത്തത് സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ക്രമപ്രശ്നത്തിനുള്ള മറുപടിയായി, അധികമായി വകയിരുത്തിയ തുക കോവിഡ് പശ്ചാത്തലത്തിൽ അതേ ശീർഷകത്തിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചു കഴിഞ്ഞു. പ്രസ്തുത വിശദീകരണം ഉചിതവും പ്രസക്തവുമായ കാര്യമായി ചെയർ കണക്കാക്കുന്നു. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly